# കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്

## തിരുവനന്തപുരം

### പൗരാവകാശ രേഖ

**1. ലക്ഷ്യം**

കേരള സംസ്ഥാനത്തിൽ ഖാദിക്കും ഗ്രാമ വ്യവസായത്തിനും പ്രോത്സാഹനം നൽകുകയും അതുവഴിയായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ലക്ഷ്യം. കേന്ദ്ര സംസ്ഥാന സർക്കാരുടേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ സാധ്യമായ സ്ഥലങ്ങളിൽ ഖാദി ഉല്പാദന കേന്ദ്രങ്ങൾ ആരംഭിച്ചും അതതു സ്ഥലങ്ങളിൽ കുറഞ്ഞ ചിലവിൽ ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തിയും, പരിസ്ഥിതിയ്ക്ക് ഒട്ടുംതന്നെ ആഘാതം ഉണ്ടാക്കാത്തതുമായ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ച് അതുവഴി ഗ്രാമവ്യവസായ സംരംഭകർക്ക്, പ്രത്യേകിച്ചും വനിതകൾക്കും, മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ബോർഡ് ഇതുവഴി ലക്ഷ്യമിടുന്നത്. സുതാര്യവും ഉത്തരവാദിത്വപൂർണ്ണവും, കൃത്യവുമായ പ്രവർത്തനങ്ങളിലൂടെ ഗ്രാമീണ ജനതയുടെ സ്വയം പര്യാപ്തത വർദ്ധിപ്പിക്കുക എന്നതും ബോർഡിന്റെ ലക്ഷ്യമാണ്. പൗരാവകാശ രേഖ എന്നത്, പൊതുജനങ്ങൾക്ക് നല്ല സേവനങ്ങളും നിർദ്ദേശങ്ങളും യാതൊരുവിധ വിവേചനവും കൂടാതെ ലഭ്യമാക്കാനുള്ള ഒരു രേഖയാണ്. ബോർഡിന്റെ ലക്ഷ്യങ്ങളും സേവനങ്ങളും പൊതുജനങ്ങൾക്ക് പൂർണ്ണമായും ബോധ്യപ്പെടുക എന്നുള്ള ഉദ്ദേശ്യവും ഇതുകൊണ്ട് പ്രതീക്ഷിക്കുന്നു. ഒപ്പം പൊതുജനങ്ങളുമായി സൌഹാർദ്ദപരമായ ഒരു സമീപനവും ഇതുകൊണ്ട് ഉദ്ദേശിക്കുന്നു.

**2. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ**

- മനുഷ്യവിഭവശേഷി ലഭ്യമായ സാധ്യമായ സ്ഥലങ്ങളിൽ ഖാദിയിലും ഗ്രാമവ്യവസായത്തിലും നേരിട്ട് ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.
- ഗുണമേന്മയുള്ള ഖാദി ഗ്രാമ വ്യവസായ ഉല്പന്നങ്ങൾ സംസ്ഥാനത്ത് ഉല്പാദിപ്പിച്ച് ലഭ്യമാക്കുന്നു.
- സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലോഭേദഗതി ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളുടെ ഭരണ നിയന്ത്രണം, ഇൻസ്പെക്ഷൻ, എൻക്വയറി, ആസ്തി വില്പന, ലിക്വിഡേഷൻ, സംഘങ്ങളുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ എന്നീ സേവനങ്ങൾ നല്കിവരുന്നു.

- **പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി)**

  കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ മന്ത്രാലയം ആവിഷ്കരിച്ച് സംസ്ഥാനതലത്തിൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഗ്രാമ-നഗര വ്യത്യാസമില്ലാതെ നടപ്പിലാക്കി വരുന്ന ഈ പദ്ധതിയിലൂടെ അർഹതപ്പെട്ട വ്യവസായ സരംഭകർക്ക്, ആകെ പദ്ധതിച്ചെലവിന്റെ 15% മുതൽ 35% വരെ മാർജിൻ മണി സബ്സിഡി ലഭ്യമാക്കുന്നു.

- **പ്രത്യേക തൊഴിൽദായക പദ്ധതി(എസ്.ഇ.ജി.പി)**

  സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് നടപ്പിലാക്കി വരുന്ന പ്രത്യേക തൊഴിൽദായക പദ്ധതിയാണ് "എന്റെ ഗ്രാമം" എന്ന പേരിൽ അറിയപ്പെടുന്ന പദ്ധതി. ഈ പദ്ധതി പ്രകാരം അർഹതയുള്ള വ്യവസായ സംരംഭകർക്ക് ആകെ പദ്ധതിച്ചെലവിന്റെ 25% മുതൽ 40% വരെ മാർജിൻ മണി സബ്സിഡി നൽകുന്നു.

- കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് മുൻപ് നടപ്പാക്കിയിരുന്ന വായ്പാ പദ്ധതികളായ സി.ബി.സി, പാറ്റേൺ പദ്ധതികൾ പ്രകാരം വായ്പയെടുത്തവർ ബാധ്യത പൂർണ്ണമായും സാധാരണ പലിശ സഹിതം അടച്ചു തീർക്കുന്ന പക്ഷം പിഴ പലിശ ഒഴിവാക്കി ഖാദി ബോർഡിൽ പണയപ്പെടുത്തിയിട്ടുള്ള ആധാരം തിരികെ നൽകൽ.

**3.ചുവടെ ചേർക്കുന്ന സേവനങ്ങൾ നൽകുകയെന്നതാണ് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ലക്ഷ്യം**

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനങ്ങൾ | സമയ പരിധി | അഭിപ്രായം |
|---|---|---|---|
| 1. | പ്രധാന മന്ത്രിയുടെ തൊഴിൽദായക പദ്ധതി | | |
| | (i) അപേക്ഷ സ്വീകരിച്ച് ബന്ധപ്പെട്ട ധനകാര്യ സ്ഥാപനം മുമ്പാകെ സമർപ്പിക്കൽ. | 21 ദിവസം | |
| | (ii) സബ്സിഡി തുക സ്ഥിര നിക്ഷേപമാക്കുന്നത് | വായ്പയുടെ ഒന്നാം ഗഡു നൽകിയ ശേഷം | |
| | (iii) മാർജിൻ മണി (സബ്സിഡി) സംരംഭകരുടെ വായ്പ അക്കൌണ്ടിൽ | വായ്പയുടെ ഒന്നാം ഗഡു നൽകി 3 വർഷം കഴിഞ്ഞ ഉടൻ | |

| | | | |
|---|---|---|---|
| | അഡ്ജസ്റ്റ് ചെയ്യുന്നത് | നടത്തുന്ന ഭൗതികപരിശോധനക്കു ശേഷം | |
| 2. | എന്റെ ഗ്രാമം<br>(i) സബ്സിഡി തുക സ്ഥിര നിക്ഷേപമാക്കുന്നത്<br>(ii) മാർജിൻ മണി സബ്സിഡി സംരംഭകരുടെ വായ്പ അക്കൌണ്ടിൽ അഡ്ജസ്റ്റ് ചെയ്യുന്നത് | വായ്പയുടെ ഒന്നാം ഗഡു നൽകിയ ഉടൻ<br><br>വായ്പ പൂർണ്ണമായും നൽകി 2 വർഷം കഴിഞ്ഞ ഉടൻ നടത്തുന്ന ഭൗതികപരിശോധനക്കു ശേഷം | |
| 3. | സി.ബി.സി, പാറ്റേൺ പദ്ധതികൾ പ്രകാരം വായ്പയെടുത്ത് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് പണയപ്പെടുത്തിയിട്ടുള്ള ആധാരം ബാധ്യത പൂർണ്ണമായും അടച്ചു തീർക്കുന്ന പക്ഷം തിരികെ നൽകൽ. | 15 ദിവസം | |

**4.<u>വിവരങ്ങൾ ലഭ്യമാകുവാൻ</u>**

**ചുവടെയുള്ള ബോർഡ് ഉദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.**

| ലഭിക്കുന്ന വിവരം | ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക പദവിയും | കാര്യാലയത്തിന്റെ വിലാസം | ഫോൺ |
|---|---|---|---|
| ഖാദി ഗ്രാമ വ്യവസായങ്ങളെ സംബന്ധിക്കുന്ന പദ്ധതികളും പരിപാടികളും | ഡോ.കെ.എ.രതീഷ് സെക്രട്ടറി | വഞ്ചിയൂർ, തിരുവനന്തപുരം | **0471-2471696**<br>**9447633155**<br>secretary@kkvib.org<br><br>www.kkvib.org |

**ഓഫീസ് സമയം കഴിഞ്ഞും വിവരങ്ങൾ ലഭിക്കാൻ :-** **ശ്രീമതി.കെ.കെ.ചാന്ദിനി,**

**ഡയറക്ടർ (ഭരണവിഭാഗം)**

**ഫോൺ 9495936218**

**5. ബോർഡിൽ നിന്നും ലഭ്യമാകുന്ന ഫോറങ്ങൾ**

| **ഫോമിന്റെ പേര്** | **ഫീസ്** | **ലഭിക്കുന്ന സ്ഥലം** |
|---|---|---|
| പി.എം.ഇ.ജി.പി. അപേക്ഷാഫോറം | ഫീസില്ല | PMEGP ഓൺലൈൻ പോർട്ടൽ |
| എന്റെ ഗ്രാമം | ഫീസില്ല | ജില്ലാ ഖാദി ഗ്രാമ വ്യവസായ കാര്യാലയങ്ങൾ |

**6. പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ**

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിലെ ഉദ്യോഗസ്ഥരിൽ നിന്നും പൊതുജനങ്ങൾക്ക് സഹായകരമായ സേവനം ലഭ്യാകുന്നതാണ്. മേൽ പ്രസ്താവിച്ച സേവനം സംബന്ധിച്ച് എന്തെങ്കിലും പരാതിയുള്ളവർക്ക് താഴെ പറയുന്ന വിലാസത്തിൽ അവരുടെ പരാതി രജിസ്റ്റർ ചെയ്യാവുന്നതാണ്

| പേരും ഉദ്യോഗപേരും | വിലാസം | ഫോൺ/ഇ-മെയിൽ |
|---|---|---|
| ഡോ.കെ.എ.രതീഷ്, സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | വഞ്ചിയൂർ, തിരുവനന്തപുരം പിൻ : 695035 | 0471-2471695<br>9447633155<br>secretary@kkvib.org<br>www.kkvib.org |

പരാതികൾ ലഭിച്ചുകഴിഞ്ഞാൽ ഒരു മാസത്തിനകം പരാതി സംബന്ധിച്ച് കൈക്കൊണ്ട നടപടിവിവരങ്ങൾ അറിയിക്കുന്നതാണ്.

**7. സംരംഭകരുമായുള്ള കൂടിക്കാഴ്ച.**

സംരംഭകരിൽ നിന്നും നിർദ്ദേശങ്ങൾ സ്വാഗതം ചെയ്യുന്നു. സംരംഭകരുമായി നിരന്തരമായ കൂടിക്കാഴ്ചകൾ സംഘടിപ്പിക്കുന്നതാണ്. ആയതിന് തയ്യാറുള്ളവർക്ക് ബോർഡുമായി നേരിട്ടോ secretary@kkvib.org എന്ന ഇ-മെയിൽ വിലാസത്തിലോ, www.kkvib.org എന്ന വെബ് സൈറ്റ് വഴിയോ ബന്ധപ്പെടാവുന്നതാണ്.

**8. താഴെ പറയുന്ന കാര്യത്തിൽ ഗുണഭോക്താക്കളുടെ സഹകരണം പ്രതീക്ഷിക്കുന്നു.**

പൌരാവകാശരേഖയുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിന് ഗുണഭോക്താവും ബോർഡും തമ്മിലുള്ള സംയുക്തപരിശ്രമം അനിവാര്യമാണ്. ആയതിനാൽ മേൽ പറഞ്ഞ വിഷയങ്ങളിൽ ഗുണഭോക്താക്കളുടെ സഹായം അഭ്യർത്ഥിക്കുന്നു.

**9. ഗൈഡ് ബുക്ക്/ഹാൻഡ് ബുക്ക്/ കൺസ്യൂമർ ഹെൽപ് ലൈൻ**

ഗുണഭോക്താക്കളുടെ ബോധവൽക്കരണത്തിനായി ബോർഡ് കൈപ്പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് ബോർഡിലെ ഇൻഫർമേഷൻ ഓഫീസറുമായി ബന്ധപ്പെടേണ്ടതാണ്.

ബോർഡിന്റെ കീഴിലുള്ള വില്പനശാലകളിലെ വിവരങ്ങൾ അറിയുന്നതിലേക്കായി വിൽപ്പന ശാലകളുടെ വിവരങ്ങളും മാനേജർമാരുടെ വിവരവും ബോർഡ് കൈപ്പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ഹെൽപ് ലൈൻ നമ്പർ : 0471-2471696

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കസ്റ്റമർ ഇൻഫർമേഷൻ സെന്റർ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു. ഫോൺ നമ്പർ : 0471-2471696

പ്രസ്തുത സേവനവ്യവസ്ഥകളിൽ കാലാകാലമുണ്ടാകുന്ന മാറ്റങ്ങൾ പൌരാവകാശരേഖയിലും യഥാസമയത്ത് വ്യത്യാസപ്പെടുത്തുന്നതിന് ബോർഡ് പ്രതിജ്ഞാബദ്ധമാണ്. ഈ പൌരാവകാശ രേഖ വിജയിപ്പിക്കുന്നതിന് എല്ലാവരും പങ്കാളികളാവുക.

ഒപ്പ്/-

സെക്രട്ടറി